# ലാളിത്യത്തിന്റെ രാജകുമാരൻ: ഡൺസ്റ്റനച്ചൻ



ഒന്നാം അഷ്ടഭാഗ്യമായ 'ആത്മനാ ദരിദ്രർ ഭാഗ്യവാന്മാർ! എന്തെന്നാൽ അവർ സംതൃപ്തരാക്കപ്പെടും' എന്നത് ഗൗരവത്തിലെടുത്ത്, ദാരിദ്ര്യത്തെ വരിച്ചതിൽ പരിപൂർണ്ണ ആത്മസംതൃപ്തി പൂണ്ട് 'ലോകാ സമസ്ഥാ സുഖിനോ ഭവന്തു' ജീവിത ലക്ഷ്യമാക്കിയെടുത്ത് ലാളിത്യവും മിതത്വവും ഉടയാടക്കി, സന്യാസം വരിച്ച പുണ്യാത്മാവ്. സർവ്വസമ്പന്നനായിരിക്കെ, തല ചായ്ക്കാനിടമില്ലാത്ത ദരിദ്രനായി മനുഷ്യമക്കളെ സമ്പന്നരാക്കിയവന്റെ ഒരു യഥാർത്ഥ ശിഷ്യൻ!

ഓർമ്മവച്ച പ്രായത്തിൽ പള്ളിക്കുന്ന് ഇടവക പള്ളിയിൽ മിതഭാഷിയായ, ആത്മീയതയുടെ പ്രതീകമായ ഒരു നിഷ്പാദുകൻ തൊട്ടടുത്ത കൊവേന്തയിൽ നിന്ന് വന്നിരുന്നു, ബലിയർപ്പിക്കാൻ. തലയിൽ മുടിയില്ലാത്ത, കാപ്പിപ്പൊടിയുടുപ്പുകാരനച്ചനെ ഇഷ്ടപ്പെടാൻ ആകാര ഭംഗിയോ പാണ്ഡിത്യമോ ഒന്നുമായിരുന്നില്ല കാരണം. കുട്ടികൾക്കൊക്കെ അദേഹത്തിൽ ഒരു കൗതുകം തോന്നിയിരുന്നു: ആ ഭാവത്തിലും രൂപത്തിലും നിഷ്കളങ്കമായ ചിരിയിലും! അന്നൊന്നും സ്വപ്നേപി നിനച്ചിരുന്നതല്ല ഒരുമിച്ചുള്ള സഹവാസം. ദൈവിക പദ്ധതികളുടെ നിഗൂഢതകളറിഞ്ഞവർ ആരുണ്ടുലകിൽ? വർഷങ്ങൾക്കിപ്പുറം സന്യാസ പിള്ളതൊട്ടിലാം നവസന്യാസ ഭവനത്തിൽ ഒന്നിച്ചിരുന്ന് പ്രാർത്ഥിച്ചും ഭക്ഷിച്ചും ഉല്ലസിച്ചും ജോലി ചെയ്തും ജീവിക്കാനായപ്പോൾ കൗതുകങ്ങൾ ബഹുമാനത്തിന് വഴിമാറി കൊടുത്തു.

എല്ലാം മറന്ന്, ആത്മീയാനുഭൂതിയിൽ തന്റെ ആത്മനാഥനോടൊപ്പം മണിക്കൂറുകൾ ദേവാലയത്തിലായിരിക്കുന്നത് നിത്യാനുഭവമായിരുന്നു. നവസന്യാസ ഭവനത്തിന്റെ ശ്രേഷ്ഠസ്ഥാനം മാറി ഒരംഗമായി കഴിയവെ ഇന്നലെ വരെ തന്റെ കീഴിലുണ്ടായിരുന്ന, ഒരു കാലത്ത് ശിഷ്യനായിരുന്ന പുതുശ്രേഷ്ഠനോട് പ്രകടിപ്പിച്ചിരുന്ന വിധേയത്വവും അനുസരണവും ഞങ്ങളിൽ പലർക്കും ഗുണപാഠവും എന്നും അത്ഭുതകരവുമായിരുന്നു; അതെസമയം, കളിയാക്കിയവരും വിമർശിച്ചവരും നിരവധിയായിരുന്നു. അധികാരസ്ഥാനങ്ങൾ ഒരിക്കലും അദ്ദേഹത്തെ തെല്ലും മോഹിപ്പിച്ചില്ല;

അധികാരികളുടെ കീഴിൽ വിനയാന്വിതനായിരിക്കുന്നതിൽ ലജ്ജിച്ചില്ല;
നാളയെക്കുറിച്ച് ആകുലപ്പെട്ടില്ല, ആരോഗ്യത്തെപ്രതി വ്യസനിച്ചതുമില്ല;
മറിച്ച്, ദൈവപ്രീതിക്കായിരുന്നു എന്നും ആഗ്രഹിച്ചതും അദ്ധ്വാനിച്ചതും.
ഒന്നുമില്ലാത്തവനിലായിരുന്നു പരിപൂർണ്ണ ആശ്രയവും പ്രതീക്ഷകളത്രയും!
അധികാരികളിൽ കിരുന്നതും ഭൂമിയോളം താഴ്ന്ന് ബഹുമാനിച്ചതും
അവർ പ്രതിനിധാനം ചെയ്യുന്ന തമ്പുരാനെ മാത്രമായിരുന്നു, മരണത്തോളം!
നെറ്റിയിലെ വിയർപ്പുകൊണ്ട് ഭക്ഷിക്കണമെന്ന ആദിയിലെ ദൈവകല്പന
അലംഘനീയമായ നിയമമായി, മന്ത്രമായി നിറവേറ്റുവാൻ കാംക്ഷിക്കയാൽ
അദ്ധ്വാനമെന്നും ഉന്മാദം കൊള്ളിച്ചിരുന്നു, പ്രായം പ്രയാസങ്ങളുണ്ടാക്കിയപ്പോഴും!

കുഞ്ഞങ്ങളുടെ നിഷ്കളങ്കതയും സന്യാസിയുടെ അനുസരണവും, പിന്നെ
തിരുവസ്ത്രത്തിന്റെ പവിത്രതയും വിലയുള്ളതായി കണ്ടു, ജീവിതചര്യയാക്കി.
ലളിത ജീവിതത്തിനായി തിരക്കുകളിൽ നിന്നൊഴിഞ്ഞ് കുടിൽ കുത്തി കഴിയാൻ
അധികാരികളുടെ അനുവാദത്തിനായി കുറച്ചൊന്നുമല്ല ആഗ്രഹിച്ചിരുന്നത്!
'ഔട്ട് ഡോർ നോവിഷ്യേറ്റി'നായി പോകുമ്പോഴൊക്കെ അദ്ദേഹവും വന്നിരുന്നു
ഉടുപ്പില്ലാത്തവനായി, നിത്യോപയോഗ വസ്തുക്കളില്ലാതെ, ദരിദ്രനായി
ഇല്ലായ്മയിൽ പറഞ്ഞറിയിക്കാനാകാത്ത, സ്ഥായിയായ അനുഭൂതിയോടെ!
ഉപദേശങ്ങളേക്കാൾ മാതൃക പകർന്നു തന്നു, പ്രാർത്ഥനയിലും പ്രവൃത്തികളിലും.
പരാതികളും പരിഭവങ്ങളുമില്ല. എങ്കിലും ബോധ്യങ്ങളിൽ നിന്ന് വ്യതിചലിച്ചില്ല;
സത്യങ്ങൾ പറയാൻ മടിച്ചില്ല, ആരേയും ഭയപ്പെട്ടതുമില്ല; നിലപാടുകളുടെ മനുഷ്യൻ!
വയോധിക ജീവിതനാളുകളിലും മുട്ടിന്മേൽ നിന്ന് പ്രാർത്ഥനയിൽ ലയിച്ചിരുന്നു,
രാത്രികളിൽ പോലും, ശാന്തനായി! പിതാവിനോട് സംഭാഷിച്ച ഈശോ കണക്ക്.
പാവപ്പെട്ടവരോട് കരുണയുള്ളവനായിരുന്നു! അതുകൊണ്ടാകാം ധൂർത്തിനോട്
എന്നും കലഹിച്ചിരുന്നു, ഉപയോഗശൂന്യമാക്കുന്ന എന്തിനെയുംപ്രതി ദു:ഖിച്ചുമിരുന്നു.

വിശുദ്ധിയിലേക്കുള്ള പാത ഇടുങ്ങിയതാണെന്നും ദുർഘടമാണെന്നും തിരിച്ചറിഞ്ഞ്
കുഞ്ഞുനാൾതൊട്ട് ശ്രമിച്ചിരുന്നു, സുവിശേഷത്തിലെ ഈശോയെ പോലെയാകാൻ.
മറ്റുള്ളവരുടെ മുമ്പിൽ അവഹേളിക്കപ്പെടുന്നതിലും  ഇഷ്ടങ്ങൾ ത്യജിക്കുന്നതിലും
തെല്ലും ലജ്ജിക്കപ്പെട്ടില്ല; സമയം പാഴാക്കി കളഞ്ഞതുമില്ല, ക്ഷീണിതനായെങ്കിലും!
പിൻതലമുറക്കാർക്ക് മാതൃകയായി, മാദ്ധ്യസ്ഥ്യം തേടാൻ അത്താണിയായി
അദ്ദേഹം ജീവിക്കുന്നു നമ്മുടെ മനസ്സുകളിൽ, നിറസാന്നിദ്ധ്യമായി, ദീപ്തമോടെ
ലാളിത്യത്തിന്റെ രാജകുമാരൻ, യഥാർത്ഥ സന്യാസി, നമ്മുടെ ഡൺസ്റ്റനച്ചൻ...

**ഫാ. ബാബു തട്ടിൽ സി.എം.ഐ.**